# ദശപുഷ്പവും ദശപത്രവും

**ആനന്ദ്**

**കേ**രളത്തിൽ കർക്കിടകമാസത്തിലെ രണ്ട് ആചാരങ്ങളാണ് ശ്രീഭഗവതിക്ക് വെയ്ക്കലും (ശീവോതി വയ്ക്കുക എന്ന് നാടൻമൊഴി) പത്തില കഴിയ്ക്കലും. കർക്കിടകം രാമായണ പാരായണ മാസമായും ആചരിക്കുന്നുണ്ട്. [illegible]

മലയാളം കലണ്ടറനുസരിച്ച് പുതുവർഷം തുടങ്ങുന്നത് ചിങ്ങം ഒന്നിനാണല്ലോ. കർക്കിടകം വർഷത്തിലെ അവസാനത്തെ മാസമാണ്. കേരളത്തിലെ കർക്കിടകത്തിലെ കാലാവസ്ഥയാകട്ടെ തീരെ മോശവുമാണ്. കൃഷിപ്പണികളെല്ലാം ഇടവം, മിഥുന മാസങ്ങളിലായി കഴിഞ്ഞിട്ടുണ്ടായിരിക്കും. അതിനാൽ കർക്കിടത്തിൽ തൊഴിലാളികൾക്ക് പണിയും വേതനവും ഇല്ലായിരിക്കും. മഴയ്ക്കു മുമ്പേ ശേഖരിച്ചു സൂക്ഷിച്ച ധാന്യങ്ങളും കിഴങ്ങുകളും പച്ചക്കറികളുമൊക്കെ മിയ്ക്കവാറും ഉപയോഗിച്ച് തീർന്നിട്ടുമുണ്ടാകും കർക്കിടകമാകുമ്പോഴേക്കും. ശരീരം ഏറ്റവും മൃദുവാകുന്ന സമയമാണ് കർക്കിടകമെന്നതിനാൽ രോഗങ്ങളും കൂടുതലായിരിക്കും. തെങ്ങിൽ തേങ്ങ കുറവും ഉള്ള തേങ്ങയ്ക്ക് വില കുറവുമായിരിക്കും. അങ്ങനെ കൃഷി മാത്രം ഉപജീവനമാർഗമായിരുന്ന പണ്ടത്തെ കേരളജനത ഏറ്റവുമധികം ദുരിതം അനുഭവിച്ചിരുന്ന സമയം കർക്കിടകമായിരുന്നു. കർക്കിടകം കഴിഞ്ഞു വരുന്ന ചിങ്ങവും ഓണവും വറുതികൾക്ക് അവസാനമുണ്ടാകും എന്നൊരു ശുഭപ്രതീക്ഷ മാത്രമായിരുന്നു കർക്കിടകത്തിന്റെ മടിശീലയിലുണ്ടായിരുന്നത്.

കഴിഞ്ഞു പോകുന്ന ഒരു വർഷത്തെ തെറ്റുകുറ്റങ്ങൾക്ക് മാപ്പിരക്കാനും ദുർനിമിത്തങ്ങളെ പ്രാർത്ഥന കൊണ്ട് അകറ്റിയോടിക്കാനും കർക്കിടകത്തെ തെരഞ്ഞെടുത്തത് അങ്ങിനെയാണ്. രാമായണ പാരായണം, ദശപുഷ്പം ചൂടൽ, ശ്രീഭഗവതിക്ക് വയ്ക്കൽ എന്നിവയൊക്കെ ഈ ആധ്യാത്മികതയുടെ കേരളീയ മുഖമാകുന്നു. അതേസമയം രോഗാതുരമായ ആ കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഒരു ആരോഗ്യചര്യയായി വേണം പത്തില കഴിയ്ക്കലിനെ കാണാൻ.

കർക്കിടക സംക്രാന്തി (മിഥുനം 31) ക്കു തന്നെ ചേട്ടയെ പുറത്താക്കി ശീവോതിയെ അകത്തേക്കാനയിക്കുന്ന ചടങ്ങ് നടത്തുന്നു. ചേട്ട എന്നത് ദാരിദ്ര്യങ്ങളുടെ ദേവതയാണ്, ശ്രീവോതി ശ്രീഭഗവതിയും.

ചിലയിടങ്ങളിൽ കർക്കിടകത്തിലെ മുഴുവൻ ദിവസവും ശ്രീഭഗവതിക്ക് വയ്ക്കുമ്പോൾ മറ്റു ചിലയിടങ്ങളിൽ ഒരാഴ്ചയേ അങ്ങിനെ ചെയ്തുകാണുന്നുള്ളൂ. ആൾപെരുമാറ്റമില്ലാത്ത ഒരു ചെറിയമുറി ശുദ്ധിയാക്കിയെടുത്ത് സൂര്യാസ്തമനത്തിനുശേഷം ഭക്ഷണം കഴിഞ്ഞ് ഉറങ്ങുന്നതിനു മുമ്പായിട്ടാണ് ഭഗവതിയ്ക്കു വയ്ക്കൽ. ശുദ്ധരായ



സ്ത്രീകളാണ് അതു ചെയ്യുക. നിലവിളക്ക് കത്തിച്ച് കിണ്ടിയിൽ വെള്ളം വച്ച് ആവണപ്പലകയിട്ട് അതിന്മേൽ അഷ്ടമംഗല്യവും ദശപുഷ്പവും വയ്ക്കുന്നു. ഗ്രന്ഥം, പുടവ, അരിയും നെല്ലും (അക്ഷതം), സ്വർണനാണയം, താംബൂലം, വാൽക്കണ്ണാടി, ചാന്ത്, കൺമഷി എന്നിവയാണ് അഷ്ടമംഗല്യം.

കറുക, വിഷ്ണുക്രാന്തി, തിരുതാളി, പൂവ്വാംകുറുന്തല, മുക്കുറ്റി, ഉഴിഞ്ഞ, മോക്ഷതി, നിലപ്പന, കഞ്ഞുണ്ണി, ചെറുള എന്നിവയാണ് ദശപുഷ്പങ്ങൾ. (ദശപുഷ്പങ്ങളിൽ പ്രാദേശിക ഭേദമനുസരിച്ച് ചില വ്യത്യാസങ്ങൾ കണ്ടുവരുന്നുണ്ട്).

ഇവ ഒരുക്കിവച്ചിരിക്കുന്ന ഗൃഹങ്ങളിൽ ശ്രീഭഗവതി രാത്രിനേരം നീരാട്ട് കഴിഞ്ഞെത്തുമെന്നാണ് വിശ്വാസം. ഒരുക്കിവച്ചിരിക്കുന്ന പുടവയുടുത്ത് വാൽക്കണ്ണാടി നോക്കി ചാന്തും മഷിയും തൊട്ട് ദശപുഷ്പം മുടിയിൽ ചൂടി ഗ്രന്ഥവും വായിച്ച് കുറച്ചുനേരം ഇരിക്കും. പിന്നെ താംബൂലം മുറുക്കി അല്പനേരം വിശ്രമിച്ച് കുടുംബത്തിലെ എല്ലാവരേയും അനുഗ്രഹിച്ച് പുലരുംമുമ്പേ സ്ഥലംവിടും.

വീട്ടിലെ സ്ത്രീകളും പെൺകുട്ടികളും എഴുന്നേറ്റ് കുളിച്ചുകഴിഞ്ഞാൽ ഭഗവതി ധരിച്ച് വച്ചിട്ടുപോയ ഈ ദശപുഷ്പങ്ങൾ കുറേശെ സ്വന്തം മുടിയിൽ തിരുകും- ഒരു പ്രസാദമെന്ന നിലയ്ക്ക്.

പത്തില കഴിയ്ക്കലും ചിലയിടങ്ങളിൽ ഒരു ദിവസമേ ഉള്ളൂ- കർക്കിടകത്തിലെ ആദ്യ വെള്ളിയാഴ്ച. മറ്റു ചിലയിടങ്ങളിൽ മാസം മുഴുവനും പത്തില ഉപ്പേരി മറ്റു കറികൾക്കൊപ്പം അല്പം വിളമ്പുന്നു. എന്തായാലും ആദ്യം കഴിക്കുന്ന ദിവസം പത്തില കുറച്ചധികം കഴിക്കണം. എന്നാലേ ഉദ്ദേശിച്ച ഗുണം കിട്ടൂ.

ചേമ്പിൻതാള്, തകര, ചേന, ചീര, മത്ത, കുമ്പളം, പയറ്, ആനത്തുവ, തഴുതായ്മ, നെയ്യുണ്ണി എന്നിവയുടെ ഇലകളാണ് പത്തിലകൾ. ഇവ കുറേശെ എടുത്ത് കഴുകി വൃത്തിയാക്കി കുനുകുനെ അരിഞ്ഞ് ഉപ്പേരി വയ്ക്കണം.

അല്പം വെളിച്ചെണ്ണയിൽ മുളക് പൊട്ടിച്ചതും കടുകും ഉഴുന്നുപരിപ്പും കറിവേപ്പിലയും മൂപ്പിച്ച് അതിലേക്ക് പത്തിലകൾ നുറുക്കിയത് ഇട്ട് ആവശ്യത്തിന് ഉപ്പും ഒരു നുള്ള് മഞ്ഞൾപൊടിയും ചേർത്തു നന്നായി ഇളക്കണം. തീ കുറയ്ക്കണം, വേവിയ്ക്കരുത്. ഒന്നു വലിഞ്ഞു കിട്ടുകയേ വേണ്ടൂ. അപ്പോൾ നാളികേരം ചിരണ്ടിയിട്ട് ഒന്നുകൂടി ഇളക്കി നന്നായി വലിയാൻ വിടുക. എന്നിട്ട് വാങ്ങിവച്ച് ചെറുചൂടോടെ കഴിക്കണം.

ഊണിനൊപ്പം ഉപ്പേരിയായും ഇതുപയോഗിക്കാം.